# 27

# യേശുവിന്റെ രക്തം

**എഫെസ്യർ 1:7-12**

*"അവനിൽ അവന്റെ രക്തം മുഖാന്തരം നമുക്കു വീണ്ടെടുപ്പു ഉണ്ട് ..." (എഫെസ്യർ 1:7).*

യേശുവിന്റെ വിലയേറിയ രക്തത്തെ കുറിച്ചു നാം ചിന്തിക്കുമ്പോൾ, നമ്മുടെ ഉള്ളിലേക്കു വരുന്നതു ഒരു "വിശുദ്ധ നിശബ്ദത" യാണ് കാരണം നാം തിരുവെഴുത്തുകളിലെ "അതിവിശുദ്ധ" സ്ഥലത്താണ് പ്രവേശിക്കുന്നത് എന്നു നമുക്ക് അറിയാം.

ബൈബിളിലെ കേന്ദ്ര ബിന്ദു യേശുവിന്റെ രക്തമാണ്! എന്നിട്ടു പോലും, ഇന്നും ആളുകൾ യേശുവിന്റെ രക്തത്തെ ഭയപ്പെടുകയാണ്. ചിലർ വാദിക്കുന്നത് ക്രിസ്ത്യാനിത്വത്തിനു പുതിയ ചിഹ്നങ്ങൾ വേണമെന്നാണ്. അത്തരം കാഴ്ച്ചപ്പാട് ദൈവത്തിന്റെ ബുദ്ധിയെയും സ്വഭാവത്തെയും ചോദ്യം ചെയ്യുന്നതാണ്, കാരണം നമ്മുടെ രക്ഷക്കായി ദൈവം തിരഞ്ഞെടുത്തതു തന്റെ പുത്രന്റെ രക്തമാണ്! അവന്റെ കുഞ്ഞാടിനെ അവൻ ചരിത്രത്തിന്റെ എല്ലാം കേന്ദ്രമാക്കി (വെളിപ്പാട് 13:8). നമ്മുടെ പാപം ദൈവത്തെ എത്രമാത്രം ക്ലേശിപ്പിക്കുമെന്നു കാണുന്ന സ്ഥാനമാണ് ക്രൂശ്; ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്നു കാണുന്ന സ്ഥാനവും അവിടെയാണ് (യോഹന്നാൻ 3:16). ക്രിസ്തു - കേന്ദ്രീകൃതവും, ക്രൂശ് - കേന്ദ്രീകൃതവും, രക്തം - കേന്ദ്രീകൃതവുമായതാണ് സ്വർഗ്ഗീയ ദൈവശാസ്ത്രം.

### പാപത്തിന്റെ ഭീമാകാരം

ബൈബിളിലെ ലേവ്യാപുസ്തകം പോലെ മറ്റൊരു പുസ്തകവും ആധുനിക മനസ്സുമായി കഠിനമായി ഏറ്റുമുട്ടുന്നില്ല. "ആ പുസ്തകം എങ്ങനെ ബൈബിളിൽ കടന്നുകൂടി?" എന്നു നാം അതിശയിച്ചു പോകുന്നു. നമ്മുടെ ബൈബിൾ വായനയിൽ, നാം ഒഴിച്ചു നിർത്തുന്നതും അതിനെയാണ്. എന്തായാലും, ഇതു ബൈബിളിലെ പ്രധാനപ്പെട്ട പുസ്തകമാണ്. മോശെയുടെ ന്യായപ്രമാണത്തിലെ യാഗവ്യവസ്ഥ ദൈവം വിശദമാക്കിയിരിക്കുന്നതു അവിടെയാണ്. അതു പുരോഹിതന്മാരാലും, യാഗങ്ങളാലും, രക്തത്താലും നിറഞ്ഞിരിക്കുന്നു! ദൈവം, ആ ന്യായപ്രമാണ പുസ്തകത്തിൽ, പാപത്തിന്റെ അതിരു കവിഞ്ഞ പാതകത്തെ പഠിപ്പി

ക്കുന്നുണ്ട് (റോമർ 7:13). ദൈവത്തെ പാപവുമായി കൂട്ടി കലർത്താവുന്നതല്ല എന്നു അതിൽ അന്തർലീനമാക്കിയിരിക്കുന്നു.

പാപം ദൈവത്തിനു എതിരാണ്! അതിനെ കണ്ടില്ലെന്നു നടിക്കരുത്. ഓരോ മാനസാന്തരപ്പെടാത്ത പാപിയും ഓരോ പാപവും ശിക്ഷിക്കപ്പെടണം. ദൈവ കല്പനയ്ക്കുപോലും ഒഴിവാക്കാവുന്നതല്ല പാപം - ദൈവനീതി അതിനെ തടയുന്നു.

പാപത്തിന്റെ മുള്ളു മരണത്തിന്റെ മുള്ള് ആണ് (1 കൊരിന്ത്യർ 15:56). രക്തം ചിന്തലിലൂടെ മാത്രമാണ് പാപമോചനം വരുന്നതു. ന്യായപ്രമാണത്തിൻ കീഴിൽ, പാപമോചനം ആവശ്യപ്പെട്ടതു മൃഗ രക്തമാണ് (എബ്രായർ 9:22). ന്യായപ്രമാണം നമ്മെ ക്രിസ്തുവിലേക്കു കൊണ്ടുവരുന്ന ഒരു ശിശുപാലകനായിരുന്നു, പാപത്തിനുള്ള അവസാനത്തേതും പൂർണ്ണമായതുമായ യാഗം (ഗലാത്യർ 3:22–29; നോക്കുക റോമർ 15:4; 1 കൊരിന്ത്യർ 10:11).

മോശെയുടെ ന്യായപ്രമാണത്തിലെ, പഴയ യാഗ വ്യവസ്ഥകൾക്ക്, കാളകളുടേയും ആടുകളുടേയും രക്തത്താൽ, പാപങ്ങളെ നീക്കം ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല (എബ്രായർ 10:4). അതിനു പുറമെ, മനുഷ്യനു ന്യായപ്രമാണം പൂർണ്ണമായി അനുസരിപ്പാനും കഴിഞ്ഞിരുന്നില്ല (പ്രവൃത്തികൾ 15:8–11), മനുഷ്യന്റെ രക്തം പോലും മനുഷ്യരുടെ തെറ്റുകൾക്ക് പ്രായശ്ചിത്തമായില്ല. മനുഷ്യനു സ്വയമായി ചെയ്യുവാൻ കഴിയാതിരുന്നതു, ദൈവം അവന്നുവേണ്ടി ചെയ്തു. തിരുവെഴുത്തുകളിൽ രക്തത്തിനു 460 പ്രത്യേക വാക്യങ്ങൾ റോബെർട്ട് കോൾമാൻ കൂട്ടിച്ചേർത്തു.[1] യേശു പാപികളെ വീണ്ടെടുപ്പാൻ തന്റെ രക്തം ചിന്തിയതാണ് ക്രിസ്ത്യാനിത്വത്തിൽ മുഖ്യവും പ്രധാനവുമെന്ന് ബൈബിൾ ശ്രദ്ധയോടെ വായിക്കുന്നവർക്ക് കാണാതിരിക്കുവാൻ കഴിയുകയില്ല. എല്ലായ്പ്പോഴും നിറഞ്ഞിരിക്കുന്ന "സ്വർഗ്ഗത്തിലെ രക്തബാങ്ക്" ആണ് യേശുവിന്റെ രക്തം എന്നു പരിശുദ്ധാത്മാവു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. തിരുവെഴുത്തിൻ പ്രകാരം നമ്മുടെ പാപങ്ങൾക്കുവേണ്ടി യേശു മരിച്ചു എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 15:1–4).

തികവുള്ള യേശുവിന്റെ രക്തം നമ്മെ നിരപ്പിക്കയും (2 കൊരിന്ത്യർ 5:14–21), നമ്മെ കഴുകുകയും (വെളിപ്പാട് 1:5; 7:14), നമ്മെ വീണ്ടെടുക്കയും (എഫെസ്യർ 1:7; 1 പത്രൊസ് 1:18, 19), നമ്മെ ശുദ്ധീകരിക്കയും (1 യോഹന്നാൻ 1:7), നമ്മെ നീതീകരിക്കയും (റോമർ 5:8, 9), ശുദ്ധീകരിക്കയും (എബ്രായർ 10:10; 13:12), നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയും (1 യോഹന്നാൻ 2:2), നമുക്കു സമാധാനം തരികയും (എഫെസ്യർ 2:13–16; കൊലൊസ്യർ 1:20), സാത്താനെ ജയിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും (വെളിപ്പാട് 12:11). നമ്മുടെ പാപങ്ങൾക്കു വാസ്തവത്തിലുള്ള, ചരിത്രപരമായ, തികഞ്ഞതും അവസാനത്തേതുമായ പ്രതിഫലം ക്രിസ്തുവിന്റെ രക്തമാണ്. യോഹന്നാനോടു കൂടെ നമുക്കു പറയാം, "ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!" (യോഹന്നാൻ 1:29, 36).

**അവന്റെ രക്തത്തിന്റെ ശക്തി**

*പുതിയ നിയമവുമായുള്ള അതിന്റെ ബന്ധത്തിൽ അവന്റെ രക്തത്തിന്റെ ശക്തി നാം കാണുന്നു* (അല്ലെങ്കിൽ പുതിയ ഉടമ്പടി; മത്തായി 26:26–28; 1 കൊരിന്ത്യർ 11:25, 26; എബ്രായർ 13:20). ക്രിസ്തുവിന്റെ രക്തം ഇറ്റിറ്റു വീണതാണ് പുതിയ നിയമത്തിലെ ഓരോ വാക്കും. തിരുവെഴുത്തുകൾ നിങ്ങൾ വായിക്കുമ്പോൾ, നിങ്ങൾക്കു ക്രിസ്തുവിനെ കാണുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾ തെറ്റായിട്ടാണ് വായിച്ചിരിക്കുന്നത്. ഹാബേലിന്റെ രക്തം നിലത്തുനിന്നു ദൈവത്തോടു നിലവിളിക്കുകയാണ് (ഉല്പത്തി 4:2–12; നോക്കുക മത്തായി 23:35; ലൂക്കൊസ് 11:51). ഹാബേലിന്റേതിനേക്കാൾ ഗുണകരമായിട്ടാണ് യേശുവിന്റെ രക്തം സംസാരിക്കുന്നത് (എബ്രായർ 12:24). രക്തത്തെ "ശ്രദ്ധിക്കുക" (എബ്രായർ 9:11–22)!

*പുതിയ നിയമ സഭ സൃഷ്ടിച്ചതിൽ നാം അവന്റെ രക്തത്തിന്റെ ശക്തിയാണ് കാണുന്നത്* (പ്രവൃത്തികൾ 20:28; എഫെസ്യർ 5:25–28). മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ദശലക്ഷക്കണക്കിനു മൃഗങ്ങളെയും പക്ഷികളെയും അർപ്പിച്ചിരുന്നു, എങ്കിലും അന്നു ആളുകൾ പാപത്തിൽ തന്നെയായിരുന്നു. ഇന്നു നാം അത്തരം ന്യായപ്രമാണ വ്യവസ്ഥയിലല്ലാത്തതിനാൽ നിങ്ങൾ സന്തോഷിക്കുകയല്ലേ? ഒരു വർഷത്തേക്കു പാപത്തെ മുൻപോട്ടു തള്ളി നീക്കുവാനേ, മൃഗ രക്തത്തിനു കഴിഞ്ഞിരുന്നുള്ളൂ. ക്രിസ്തുവിന്റെ രക്തം മഹത്വകരമായ ഒന്നു കൊണ്ടുവന്നു – സഭ!

പഴയ നിയമം പറയുന്നു ജീവൻ രക്തത്തിലാണെന്ന് (ലേവ്യാപുസ്തകം 17:11, 14). നമ്മെ പാപത്തിൽ നിന്നു വിടുവിപ്പാനാണ് യേശു രക്തം നല്കിയത് (വെളിപ്പാട് 1:5). അവൻ ഭൂമിയിൽ നമുക്കുവേണ്ടി മരിച്ചതു നിമിത്തം നാം നിത്യതയിൽ അവനോടൊപ്പം ജീവിക്കുവാൻ അവസരം ഒരുക്കി (1 തെസലൊനിക്യർ 5:10).

ചിലതിന്റെ വില അതിന്റെ മൂല്യത്തിനേക്കാൾ കൂടുതലായിരിക്കും. തന്റെ രക്തം കൊടുത്തു സമ്പാദിച്ചതുകൊണ്ടു അവന്റെ സഭ അത്രമാത്രം വിലയുള്ളതാണെന്നു കാണിക്കുന്നു (പ്രവൃത്തികൾ 20:28). പ്രാദേശികമായ ഇടവക, അതിന്റെ എല്ലാ തെറ്റുകളും വെച്ചുകൊണ്ടു, ഇപ്പോഴും ഭൂമിയിലെ ഏറ്റവും ശക്തമായ കൂട്ടം തന്നെ! സഭയെ വില കുറച്ചു കാണുന്നതു അവന്റെ രക്തത്തെ കൊച്ചാക്കി കാണിക്കുന്നതിനു തുല്യമാണ്.

*പുതിയ നിയമ അത്താഴത്തിൽ നാം അവന്റെ രക്തത്തിന്റെ ശക്തി കാണുന്നു* (പ്രവൃത്തികൾ 2:42; 1 കൊരിന്ത്യർ 10:16–21; 11:24–30). ഏകവഴി, ഏക ശരീരം (സഭ), ഒരപ്പം, ഒരു രക്തം, ഒരു അത്താഴം, ഒരു ജീവൻ എന്നിവയാണുള്ളത്! ക്രൂശിന്റെ അതിരറ്റ ശക്തിയും ഫലവുമാണ് രക്തം. അവൻ വീണ്ടും വരുന്നതുവരെ ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുന്നതാണ് കർത്തൃമേശ (1 കൊരിന്ത്യർ 11:26).

*മഹത്തായ ആജ്ഞയിലെ സ്നാനത്തിൽ നാം അവന്റെ രക്തത്തിന്റെ ശക്തി കാണുന്നു* (റോമർ 6:1–5; ഗലാത്യർ 3:26, 27; കൊലൊസ്യർ 2:12). ഭൂമിയിൽ സാക്ഷ്യം പറയുന്നവർ മൂവർ ആണെന്നു യോഹന്നാൻ പറഞ്ഞിരിക്കുന്നു – ആത്മാവു, രക്തം, ജലം (1 യോഹന്നാൻ 5:3–8). സ്നാനത്തിൽ, പാപികൾ ക്രൂശിലെ ക്രിസ്തുവിനെ ധരിക്കുന്നു. സ്വർഗ്ഗത്തിൽ

പോകുവാൻ നമുക്ക് അവകാശം തരുന്നതു അവന്റെ രക്തമാണ്.

ബൈബിളും, രക്തവും, സഭയും, കർത്തൃമേശയും, സ്നാനവും കൂടാതെ രക്ഷിക്കപ്പെടുവാനാണ് ലോകം ആഗ്രഹിക്കുന്നത്. അതു ദൈവത്തിന്റെ പദ്ധതിയല്ല! യേശുവിന്റെ രക്തം മുഖാന്തരമാണ് നമുക്കു രക്ഷ ലഭിക്കുന്നത്!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]റോബെർട്ട് കോൾമാൻ, ‘‘ദ ഗോസ്പെൽ ഓഫ് ബ്ളഡ്’’ (http: //www. preaching.com/preaching/pastissues/robertcoleman.htm; Internet; accessed 1 December 2006).

© 2009 Truth for Today